**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2621** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഏറനാട് നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഏറനാട് നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി, ഗോത്ര നിധി, വാൽസല്യ നിധി, പഠനമുറി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ, പൂർണ വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഏറനാട് നിയോജക മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിൽ സാമൂഹ്യ പഠനമുറി, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഏറനാട് നിയോജക മണ്ഡലത്തിൽ നിന്നും ഗോത്രവാത്സല്യ പദ്ധതിയിൽ 23 കുട്ടികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏറനാട് നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ വികസന പദ്ധതി, വാത്സല്യനിധി, പഠനമുറി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതി (2016-17) പ്രകാരം വെള്ളാമ്പുറം പട്ടികജാതി കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. വാത്സല്യനിധി പദ്ധതി പ്രകാരം നാളിതുവരെ 143 കുട്ടികളെ അംഗങ്ങളായി ചേർത്തിട്ടുണ്ട്. പഠനമുറി ധനസഹായ പദ്ധതി പ്രകാരം 119 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം പ്രദേശത്താണ് പ്രസ്തുത പദ്ധതികൾ തുടങ്ങിയതെന്നും ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥയും അറിയിക്കുമോ; പ്രവൃത്തി പൂർത്തിയായില്ലെങ്കിൽ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | ചാലിയാർ പഞ്ചായത്തിലെ പെരുവമ്പാടം പട്ടികവർഗ്ഗ കോളനിയിൽ സാമൂഹ്യ പഠനമുറിയുടെ നിർമ്മാണം പൂർത്തിയായി. പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചാലിയാർ പഞ്ചായത്തിലെ പാറേക്കാട് - ഇടിവണ്ണ കോളനിയിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ 60% പ്രവർത്തികൾ പൂർത്തിയായി. 2021 ഫെബ്രുവരി മാസത്തിനകം പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാനിർമ്മിതി കേന്ദ്രക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.എടവണ്ണ ഗ്രാമപഞ്ചായത്തിലെ വെള്ളാമ്പുറം പട്ടിക ജാതി കോളനിയിൽ 80% പ്രവൃത്തി സെക്ഷൻ ഓഫീസർപൂർത്തീ കരിച്ചിട്ടുണ്ട്. 2021 ഫെബ്രുവരി 15-ന് മുൻപ് മുഴുവൻ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് |

| | | | |
|---|---|---|---|
| | | | കർശന നിർദേശം നൽകിയിട്ടുണ്ട്. വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി പ്രകാരം മണ്ഡലത്തിലെ 7 പഞ്ചായത്തുകളിലെ പെൺകുട്ടികളെ പദ്ധതിയിൽ ചേർത്തിട്ടുണ്ട്. പഠനമുറി ധനസഹായം മണ്ഡലത്തിലെ 7 പഞ്ചായത്തുകളിൽ അനുവദിക്കുകയും 70% പഠനമുറി നിർമ്മാണം പൂർത്തീകരി ക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പഠനമുറികളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ